# സമഗ്ര ആരോഗ്യ പദ്ധതി

## ആരോഗ്യ കേരളം പുരസ്കാരം 2015-16

## മാർഗ്ഗരേഖ

1. **ആമുഖം**

ആരോഗ്യവകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയുംപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2012-13 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര ആരോഗ്യ പദ്ധതി കേരളത്തിലെ ആരോഗ്യ രംഗത്ത് വൻ കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കുകയുണ്ടായി. സമഗ്ര ആരോഗ്യ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 2012 -13 ൽ 209 കോടി രുപയുടേയും , 2013-14 ൽ 309 കോടി രുപയുടേയും, 2014-15 ൽ 385 കോടി രുപയു ടേയും 2015-16 ൽ 480 കോടി രുപയുടേയും പദ്ധതികൾ ആരോഗ്യ മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഉൾപ്പെടുത്തുകയുണ്ടായി .

2. **ആരോഗ്യകേരളം പുരസ്കാരം 2012-13, 2013-14, 2014-15**

ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് **ആരോഗ്യകേരളം പുരസ്കാരം** നൽകുന്നതിന് കേരള സർക്കാർ തീരുമാനിക്കുകയും അതുപ്രകാരം 2012-13 ലും 2013-14 ലും 2014-15 ലും മികച്ച പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകുകയും ചെയ്തു. സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ചാണ് ഓരോ വർഷവും പുരസ്കാരങ്ങൾ സമ്മാനിച്ചത്. സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി, ആരോഗ്യ-തദ്ദേശഭരണ വകുപ്പ് മന്ത്രിമാർ മുതലായവർ പുരസ്കാരദാനചടങ്ങുകളിൽ സംബന്ധിക്കുകയുമുണ്ടായിട്ടുണ്ട്.

3. **ആരോഗ്യകേരളം പുരസ്കാരം 2015-16**

2015-16 ലെ ആരോഗ്യകേരളം പുരസ്കാരത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളെതിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും രീതി സമ്പ്രദായവും വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി 2016 ആഗസ്റ്റ് 20-ാം തീയതി ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സംസ്ഥാന ആസ്ഥാനത്ത് വച്ച് ഒരു ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശില്പശാലയിലെ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് 2015-16 വർഷത്തെ പുരസ്കാര നിർണ്ണയത്തിനുള്ള മാനദണ്ഢങ്ങളും രീതിശാസ്ത്രവും രൂപപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം രൂപപ്പെടുത്തിയ വിശദമായ മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

# ആരോഗ്യകേരളം പുരസ്കാരം 2015-16

## മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗരേഖ

## 1. പുരസ്കാരങ്ങൾ

2015-16 വർഷത്തിൽ ആരോഗ്യമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയും പ്രകാരം പുരസ്കാരങ്ങൾ നൽകുന്നതാണ്

- **സംസ്ഥാനതല പുരസ്കാരങ്ങൾ**
    - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ഗ്രാമപഞ്ചായത്തുകൾക്ക്
    - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക്
    - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ജില്ലാപഞ്ചായത്തുകൾക്ക്
    - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച മുനിസിപ്പാലിറ്റികൾക്ക്
    - സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന മികച്ച മുനിസിപ്പൽ കോർപ്പറേഷനുകൾക്ക്
- **ജില്ലാതല പുരസ്കാരങ്ങൾ**

  ജില്ലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ഗ്രാമപഞ്ചായത്തുകൾക്ക്

## 2. പുരസ്കാരത്തിനായി ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്ന രീതി

***(പുരസ്കാരത്തിനായി ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്ന രീതി ഖണ്ഡിക 3 ൽ നൽകിയിരിക്കുന്നു)***

ആറ് ഘട്ടങ്ങളിലായി നടത്തുന്ന വിലയിരുത്തലിലൂടെയായിരിക്കും മികച്ച തദ്ദേശ ഭരണസ്ഥാപനങ്ങളെ പുരസ്കാരത്തിനായി തിരഞ്ഞെടുക്കുന്നത്.

ഘട്ടം-1: സംസ്ഥാനതല മുൻഗണനാപട്ടിക തയ്യാറാക്കൽ (ഗ്രാമപഞ്ചായത്തുകൾ ഒഴികെ)

## (a) മുൻഗണനാ മാനദണ്ഡങ്ങൾ

പുരസ്കാരം നൽകുന്നതിനായി പരിഗണിക്കാവുന്ന ഓരോ വിഭാഗം ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണസ്ഥാപനങ്ങളുടേയും സംസ്ഥാനതല മുൻഗണനാ പട്ടിക ഒന്നാംഘട്ടത്തിൽ തയ്യാറാക്കുന്നു. താഴെപറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും സംസ്ഥാനതല മുൻഗണനാപട്ടിക തയ്യാറാക്കുന്നത്

i) 2015 -16 വാർഷിക പദ്ധതിയിൽ ആരോഗ്യമേഖലക്കു വേണ്ടി നടത്തിയ വകയിരുത്തൽ

ii) 2015-16 വാർഷിക പദ്ധതിയിൽ വകയിരുത്തിയതിൽ 2016 മെയ് 31 നകമുള്ള വിനിയോഗം

iii) ആരോഗ്യാനുബന്ധ മേഖലകളിലെ 2015-16 ലെ പദ്ധതി പ്രവർത്തനങ്ങൾ

## (b) മുൻഗണനാപട്ടിക - മാനദണ്ഡങ്ങളും മാർക്കും

താഴെപറയുന്ന മാനദണ്ഡങ്ങളും മാർക്കും അടിസ്ഥാനമാക്കിയായിരിക്കും മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നത്.

### (i) ആരോഗ്യ മേഖലക്കുള്ള ഫണ്ട് വകയിരുത്തൽ

**1. വികസനഫണ്ട് വകയിരുത്തൽ - പരമാവധി 10 മാർക്ക്**

2015-16 ൽ തദ്ദേശഭരണ സ്ഥാപനത്തിന്, ക്യാരി ഓവർ തുക കണക്കാക്കാതെ, ആകെ ലഭിച്ച പൊതു വിഭാഗ വികസന ഫണ്ടിൽ (ജനറൽ, 14 ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് സഹായം, പ്രത്യേക ഗ്രാന്റ് എന്നിവ ചേർന്ന തുക) നിന്ന് ആരോഗ്യമേഖലക്ക് വകയിരുത്തിയ (2015-16 ലെ പുതിയ പ്രോജക്ടുകൾക്ക് വേണ്ടി) ഓരോ ഒരു ശതമാനം തുകക്കും 1/2 മാർക്ക് വീതം നൽകുന്നു (പരമാവധി 10 മാർക്ക്). നാലാം ഘട്ടത്തിൽ തുല്യമാർക്ക് വരുന്ന സന്ദർഭത്തിൽ തുല്യത ഒഴിവാക്കാൻ വേണ്ടി മാത്രം 20 ശതമാനത്തിനു മുകളിലുള്ള ഓരോ ഒരു ശതമാനത്തിനും 1/4 മാർക്ക് വീതം നൽകുന്നതാണ് (പരമാവധി 4 മാർക്ക്)

**2. നോൺറോഡ് മെയ്ന്റനൻസ് ഫണ്ട് വകയിരുത്തൽ – പരമാവധി 5 മാർക്ക്**

2015-16 ൽ ലഭിച്ച നോൺ റോഡ് മെയ്ന്റനൻസ് ഫണ്ടിൽ (ക്യാരി ഓവർ തുക കണക്കാക്കാതെ) നിന്നും ആരോഗ്യമേഖലക്ക് വകയിരുത്തിയ (2015-16 ലെ പുതിയ പ്രോജക്ടുകൾക്ക്) ഓരോ ഒരു ശതമാനത്തിനും 1/4 മാർക്ക് വീതം നൽകുന്നതാണ് (പരമാവധി 5 മാർക്ക്). നാലാംഘട്ടത്തിൽ തുല്യമാർക്ക് വന്നാൽ 20 ശതമാനത്തിന് മുകളിലുള്ള ഓരോ ഒരു ശതമാനത്തിനും 1/8 മാർക്ക് വീതം നൽകുന്നതാണ് (പരമാവധി 4 മാർക്ക്)

**3. തനത് ഫണ്ട് വകയിരുത്തൽ – പരമാവധി 5 മാർക്ക്**

2015-16 വാർഷിക പദ്ധതിയിൽ പുതിയ പ്രോജക്ടുകൾക്ക് വേണ്ടി വകയിരുത്തിയ ആകെ തനത് ഫണ്ടിൽ നിന്ന് ആരോഗ്യമേഖലയിൽ 2015-16 ലെ പുതിയ പ്രോജക്ടുകൾക്കായി വകയിരുത്തിയ ഓരോ ഒരു ശതമാനത്തിനും 1/4 മാർക്ക് വീതം നൽകുന്നതാണ് (പരമാവധി 5 മാർക്ക്)

### (ii) ആരോഗ്യ മേഖലയിൽ വകയിരുത്തിയ ഫണ്ടിന്റെ വിനിയോഗം – പരമാവധി 25 മാർക്ക്

2015-16 വാർഷിക പദ്ധതിയിൽ ആരോഗ്യമേഖലയിലെ സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രോജക്ടുകൾക്ക് വകയിരുത്തിയതിൽ(SCP, TSP ഫണ്ട് ഉൾപ്പെടെ) 2016 മെയ് 31 നകം വിനിയോഗിച്ച ഓരോ ഒരു ശതമാനത്തിനും 1/4 മാർക്ക് വീതം നൽകുന്നതാണ്. (പരമാവധി 25 മാർക്ക്)

### (iii) ആരോഗ്യ അനുബന്ധ മേഖലകളിൽ 2015-16 ൽ 2016 മെയ് 31 വരെ നടത്തിയ പദ്ധതി (പ്രോജക്ട്) പ്രവർത്തനങ്ങൾ- പരമാവധി 7 മാർക്ക്

അനുബന്ധ മേഖലാ പ്രവർത്തനങ്ങൾക്ക് താഴെ പറയുംപ്രകാരം മാർക്ക് നൽകുന്നതാണ്. (2015 – 16 ലെ പുതിയ പ്രോജക്റ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ)

| ക്രമ നമ്പർ | വിഷയമേഖല | പ്രോജക്റ്റുകളുടെ പേര് | വകയിരുത്തിയ തുക | വിനിയോഗിച്ച തുക | പരമാവധി മാർക്ക് (ഫണ്ട് വകയിരുത്തൽ, വിനിയോഗം,നിയമസാധുത, ആവശ്യകത) |
|---|---|---|---|---|---|
| 1 | മാലിന്യപരിപാലനം- പൊതു സ്ഥാപനങ്ങളിൽ | | | | 0.5 |
| 2 | മാലിന്യപരിപാലനം - | | | | 0.5 |

| | | | | | |
|---|---|---|---|---|---|
| | പൊതുസ്ഥലങ്ങളിൽ | | | | |
| 3 | മൂത്രപ്പുര, ടോയ്‌ലറ്റ് സൗകര്യങ്ങൾ- പൊതുസ്ഥാപനങ്ങളിൽ | | | | 0.5 |
| 4 | മൂത്രപ്പുര, ടോയ്‌ലറ്റ് സൗകര്യങ്ങൾ- പൊതുസ്ഥലങ്ങളിൽ | | | | 0.5 |
| 5 | ബഡ്സ് സ്കൂൾ | | | | 0.5 |
| 6 | ബഡ്സ് റിഹാബിലിറ്റേഷൻ സെൻ്റർ | | | | 0.5 |
| 7 | ശാരീരിക മാനസിക വെല്ലുവിളികൾനേരിടുന്നവർക്കുള്ള മറ്റ് പരിപാടികൾ | | | | 0.5 |
| 8 | വയോജനങ്ങൾക്ക് വേണ്ടിയുള്ള പരിപാടികൾ | | | | 0.5 |
| 9 | എച്ച്.ഐ.വി/എയ്ഡ്സ് ബാധിതർക്കുള്ള പരിപാടികൾ | | | | 0.5 |
| 10 | കുടിയേറ്റത്തൊഴിലാളികൾക്ക് വേണ്ടിയുള്ള പരിപാടികൾ | | | | 0.5 |
| 11 | കായികക്ഷമതാ വർദ്ധനവിനുള്ള പരിപാടികൾ | | | | 0.5 |
| 12 | കുടിവെള്ളഗുണനിലവാരവർദ്ധനവിനുള്ളപരിപാടികൾ (ക്ലോറിനേഷൻ ഒഴികെ) | | | | 0.5 |
| 13 | പകർച്ച വ്യാധി നിയന്ത്രണ ശാക്തീകരണ പ്രവർത്തനങ്ങൾ | | | | 0.5 |
| 14 | ദേശീയആരോഗ്യപരിപാടിയുടെ ശാക്തീകരണ പ്രവർത്തനങ്ങൾ | | | | 0.5 |
| | **ആകെ** | | | | **7.00** |

- ***മേൽപ്പറഞ്ഞ 14 ഇനങ്ങളെ സംബന്ധിച്ച് വിവരങ്ങൾ(പ്രോജക്ടുകളുടെ പേര് ,വകയിരുത്തിയ തുക , വിനിയോഗിച്ച തുക) സുലേഖ സോഫ്റ്റ് വയറിൽ നിന്നും ശേഖരിക്കുന്നതാണ്. ലഭ്യമാകുന്ന വിവരങ്ങൾ സ്റ്റേറ്റ് കോർ ടീം വിലയിരുത്തി ആയിരിക്കും മേൽപ്പറഞ്ഞ 14 ഇനങ്ങൾക്ക് മാർക്ക് നൽകുന്നത്)***

## (c) മുൻഗണനാ പട്ടിക തയ്യാറാക്കൽ

താഴെ പറയുന്ന ക്രമമനുസരിച്ചാണ് മുൻഗണനാപട്ടിക തയ്യാറാക്കുന്നത്.

(i) ആരോഗ്യ മേഖലയ്ക്ക് 2015-16 ൽ ഏറ്റവും കൂടുതൽ ഫണ്ട്( എസ്. സി. പി, ടി എസ്. പി ഒഴികെയുള്ള വികസനഫണ്ട്, നോൺറോഡ് മെയിന്റനൻസ് ഫണ്ട്, തനത് ഫണ്ട്) വകയിരുത്തുകയും ആരോഗ്യമേഖലയിൽ ആകെ വകയിരുത്തിയതിൽ 2016 മെയ് 31 നകം ഏറ്റവും കൂടുതൽ ഫണ്ട് വിനിയോഗിക്കുകയും ചെയ്തതിനെ അടിസ്ഥാനമാക്കി ഓരോ വിഭാഗം തദ്ദേശഭരണ സ്ഥാപനത്തിന്റെയും സംസ്ഥാനതല മുൻഗണനാപട്ടിക നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരമുള്ള മാർക്ക് നൽകി തയ്യാറാക്കുന്നു.

***കുറിപ്പ്: ആകെ വകയിരുത്തിയതിൽ 2016 മെയ് 31 നകം 50 ശതമാനമെങ്കിലും വിനിയോഗിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളെ ഈ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല.***

***മുൻഗണനാ പട്ടികയിൽഉൾപ്പെടുത്തുന്നവയുടെ എണ്ണം***

| ക്രമനമ്പർ | തദ്ദേശ ഭരണ സ്ഥാപനം | നിജപ്പെടുത്തിയിട്ടുള്ള എണ്ണം (സംസ്ഥാന തലത്തിൽ) |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 20 |
| 2 | ജില്ലാ പഞ്ചായത്ത് | 9 |
| 3 | മുനിസിപ്പാലിറ്റി | 15 |
| 4 | മുനിസിപ്പൽ കോർപ്പറേഷൻ | 5 |

(ii) മുകളിൽപറഞ്ഞ പ്രകാരം തയ്യാറാക്കപ്പെട്ട മുൻഗണനാലിസ്ററിൽ ഉൾപ്പെട്ട ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ആരോഗ്യ അനുബന്ധ മേഖലകളിൽ അവർ നടത്തിയ പ്രവർത്തനങ്ങൾക്ക് മാനദണ്ഡ പ്രകാരമുള്ള മാർക്കുകൾ നൽകി മുൻഗണനാപട്ടിക അതിൻപ്രകാരം പുന:ക്രമീകരിക്കുന്നു.

(iii) മുകളിൽപ്പറഞ്ഞ പ്രകാരം തയ്യാറാക്കപ്പെട്ട മുൻഗണനാപ്പട്ടികയിൽനിന്നും താഴെപറയും പ്രകാരം എണ്ണം തദ്ദേശഭരണ സ്ഥാപനങ്ങളെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതിനായി തിരഞ്ഞെടുക്കുന്നു.

രണ്ടാം ഘട്ടത്തിലേക്ക് നിജപ്പെടുത്തിയിരിക്കുന്നവയുടെ എണ്ണം.

| ക്രമനമ്പർ | തദ്ദേശഭരണ സ്ഥാപനം | നിജപ്പെടുത്തിയിട്ടുള്ള എണ്ണം |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | സംസ്ഥാനതലത്തിൽ 15 എണ്ണം |
| 2 | ജില്ലാ പഞ്ചായത്ത് | സംസ്ഥാനതലത്തിൽ 7 എണ്ണം |
| 3 | മുനിസിപ്പാലിറ്റി | സംസ്ഥാനതലത്തിൽ 12 എണ്ണം |
| 4 | മുനിസിപ്പൽ കോർപ്പറേഷൻ | സംസ്ഥാനതലത്തിൽ 5 എണ്ണം |

**ഘട്ടം-2: തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കൽ**

### (a) വിവരശേഖരണ ഫോറം

ഒന്നാംഘട്ടത്തിൽ നിജപ്പെടുത്തിയ പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിന്വേണ്ട ഫോറം മാർഗ്ഗരേഖയുടെ അനുബന്ധം 1 ആയി നൽകിയിരിക്കുന്നു.

### (b) വിവരശേഖരണഫോറം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കൽ

രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും അനുബന്ധം 1 പ്രകാരമുള്ള വിവരശേഖരണഫോറം ഇ - മെയിലായും തപാലിലും **2016 ജനുവരി 13 നകം അയച്ചു കൊടുക്കുന്നതാണ്.** കൂടാതെ www.arogyakeralam.gov.in എന്ന വെബ്സൈറ്റിൽ വിവരശേഖരണഫോറം ലഭ്യമാക്കുന്നതുമാണ്.

### (c) വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം ഫോറങ്ങൾ സമർപ്പിക്കൽ

**(i)** പൂരിപ്പിച്ച ഫോറങ്ങൾ **2017 ജനുവരി 31 നകം** ദേശീയ ആരോഗ്യ ദൗത്യം സംസ്ഥാന ഓഫീസിൽ നേരിട്ട് സമർപ്പിച്ച് കൈപ്പറ്റ് രസീത് വാങ്ങണം. നേരിട്ട് സമർപ്പിക്കാൻ കഴിയാത്തവർക്ക് **2017 ജനുവരി 31 നകം** അവിടെ ലഭ്യമാകും വിധം സ്പീഡ് പോസ്റ്റ് മുഖേനയോ കൊറിയർ മുഖേനയോ അയയ്ക്കാവുന്നതാണ്. **നിശ്ചിത തീയ്യതിക്കു ശേഷം ലഭിക്കുന്നവ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.**

**(ii)** ബന്ധപ്പെട്ട എല്ലാവരും (ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ) **ഒപ്പിടാതെയും നിശ്ചയിക്ക്പെട്ട സ്ഥാനങ്ങളിൽ ഓഫീസ് സീൽ പതിക്കാതെയും സമർപ്പിക്കുന്നവ പരിഗണിക്കുന്നതല്ല**

(iii) വിവരശേഖരണ ഫോറത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിക്കാതിരുന്നാൽ, **ഏത് രേഖയാണോ സാക്ഷ്യപ്പെടുത്താതെ സമർപ്പിക്കാതിരുന്നത്, ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുകയേ ഇല്ല**. (ഉദാ. HMC യുടെ ഹാജർ, മിനുട്സ്, വരവ് ചെലവ് കണക്കുകൾ, ബാങ്ക്പാസ്സ് ബുക്ക് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിച്ചില്ലെങ്കിൽ എച്ച്. എം. സി യുമായി ബന്ധപ്പെട്ട മാർക്ക് ലഭിക്കുകയില്ല.)

(iv) വിവരശേഖരണ ഫോറത്തിൽ ബാധകമല്ലാത്തിടത്ത് ബാധകമല്ല എന്ന് രേഖപ്പെടുത്തണം. **അപൂർണമായതോ തെറ്റായ വിവരങ്ങൾ നൽകുന്നതോ വിവരങ്ങൾ സമർപ്പിക്കാത്തതോ ആയ തദ്ദേശഭരണ സ്ഥാപനങ്ങളെ പുരസ്കാരത്തിന് പരിഗണിക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതാണ്.**

ഘട്ടം-3: തദ്ദേശ ഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച വിവരങ്ങളുടെ വിലയിരുത്തൽ, ഫീൽഡ് പരിശോധന നടത്തേണ്ടവയുടെ ലിസ്റ്റ് തയ്യാറാക്കൽ

(i) ഓരോ തദ്ദേശഭരണ സ്ഥാപനവും സമർപ്പിച്ച പൂരിപ്പിച്ച വിവരശേഖരണഫോറവും അതോടൊപ്പം സമർപ്പിക്കുന്ന സാക്ഷ്യപ്പെടുത്തിയ മറ്റ് രേഖകളും പരിശോധിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും ആരോഗ്യ - ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു കോർ ടീം രൂപീകരിക്കുന്നതാണ്. കോർടീമിന്റെ മേൽനോട്ട ചുമതല ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സാമൂഹ്യവികസന വിഭാഗത്തിനായിരിക്കുന്നതാണ്.

(ii) സമർപ്പിച്ച വിവരങ്ങളുടെ വിലയിരുത്തൽ, മാനദണ്ഡങ്ങൾ, മാർക്ക്

തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിക്കേണ്ട വിവരങ്ങളും അവയുടെ വിലയിരുത്തൽ മാനദണ്ഡങ്ങളും മാർക്കും ചുവടെ കൊടുക്കുന്നു.

1. സബ്സെന്ററുകൾ, ഫാമിലി വെൽഫെയർ സെന്ററുകൾ

| ക്രമ നമ്പർ | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | കെട്ടിട സൗകര്യം | |
| 2 | താമസസൗകര്യം | 3 |
| 3 | ഉദ്യോഗസ്ഥയുടെ സേവനം | |

2. ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം

| ക്രമ നമ്പർ | മാനദണ്ഡങ്ങൾ | മാർക്ക് |
|---|---|---|
| 1 | ഭൗതിക സൗകര്യങ്ങൾ , സേവനങ്ങൾ | |
| | കെട്ടിട സൗകര്യം | |
| | ചുറ്റുമതിൽ | |
| | ഫർണീച്ചർ | |
| | സ്വകാര്യതയുള്ള പരിശേധനാ മുറികൾ | |
| | ലാബ സൗകര്യ് | 6 |
| | രോഗികൾക്കും സ്റ്റാഫിനും കുടിവെള്ള സൗകര്യം | |
| | രോഗികൾക്കുള്ള കാത്തിരിപ്പ് സൗകര്യം | |
| | രോഗികൾക്കുള്ള ടോയ്ലറ്റ് സൗകര്യം | |
| | ഉപകരണങ്ങൾ , അവയുടെ പ്രവർത്തനം | |
| | മരുന്ന് വിതരണം | |
| | സ്റ്റാഫിനുള്ള സൗകര്യങ്ങൾ | |
| | വൃത്തി ശുചിത്വം | |
| 2 | ഔട്ട്പേഷ്യന്റ്, ഇൻപേഷ്യന്റ്, ലാബ് | 3 |
| 3 | എച്ച് എം സി പ്രവർത്തനം | 5 |
| 4 | സ്ഥാപനത്തിന് വേണ്ടി നടത്തിയ അധിക വിഭവ സമാഹരണം | 5 |
| 5 | ഖരമാലിന്യ പരിപാലനം | 1 |
| 6 | ദ്രവ മാലിന്യ പരിപാലനം | 1 |

3. വാർഡ് തല ആരോഗ്യ -ശുചിത്വ - പോഷണസമിതികളുടെ പ്രവർത്തനം

| ക്രമ നമ്പർ | മാനദണ്ഡങ്ങൾ | മാർക്ക് |
|---|---|---|
| 1 | യോഗങ്ങൾ | |
| 2 | ഫണ്ട് ഉപയോഗം | 5 |
| 3 | മൈക്രോ പ്ലാൻ | |

4. വർക്കിഗ് ഗ്രൂപ്പിന്റെ പ്രവർത്തനം

| ക്രമനമ്പർ | മാനദണ്ഡം | മാർക്ക് |
|---|---|---|
| 1 | യോഗങ്ങൾ | 2 |
| 2 | ഹാജർ | |

5. പുകയില ഉല്പന്ന ഉപയോഗ നിയന്ത്രണ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | മാനദണ്ഡങ്ങൾ | മാർക്ക് |
|---|---|---|
| 1 | ചാർജ് ചെയ്ത കേസുകൾ | |
| 2 | ഈടാക്കിയ പിഴ (തുക രൂപയിൽ) | 3.5 |
| 3 | ബോർഡ് സ്ഥാപിക്കൽ | |

6. ആരോഗ്യ അനുബന്ധ മേഖലകളിലെ പദ്ധതിയേതര പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | മാനദണ്ഡങ്ങൾ | മാർക്ക് |
|---|---|---|
| 1 | പൊതുസ്ഥലങ്ങളിലെ ശുചീകരണം | 0.5 |
| 2 | പൊതുസ്ഥലങ്ങളിലെ മാലിന്യ പരിപാലനം | 0.5 |
| 3 | പൊതുസ്ഥലങ്ങളിൽ മൂത്രപുര , ടോയ്‌ലറ്റ് എന്നിവയുടെ നടത്തിപ്പ് | 0.5 |
| 4 | പൊതു ശ്മശാന നടത്തിപ്പ് | 0.5 |
| 5 | പൊതു അറവുശാല നടത്തിപ്പ് | 0.5 |

7. ആരോഗ്യ മേഖലയിലെ നൂതന/സവിശേഷ/ പ്രത്യേക പരിപാടികൾ

| ക്രമ നമ്പർ | മാനദണ്ഡങ്ങൾ | മാർക്ക് |
|---|---|---|
| 1 | ആശയപരമായ നൂതനത്വം | |
| 2 | നടത്തിപ്പിലെ സവിശേഷത | 2 |
| 3 | വിഭവ സമാഹരണത്തിലെ സവിശേഷത | |

*കുറിപ്പ് : തദ്ദേശ ഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച വിവരങ്ങളിൽ മുകളിൽ പറഞ്ഞ ക്രമനമ്പർ 1( സബ്സെന്ററുകൾ, ഫാമിലി വെൽഫയർ സെന്ററുകൾ) ക്രമനമ്പർ 2 ലെ ക്രമനമ്പർ 1( ഭൗതിക സൗകര്യങ്ങൾ, സേവനങ്ങൾ), 5 ( ഖരമാലിന്യപരിപാലനം) 6. (ദ്രവമാലിന്യപരിപാലനം), ക്രമനമ്പർ 7( ആരോഗ്യമേഖലയിലെ നൂതന/സവിശേഷ/ പ്രത്യേക പരിപാടികൾ) എന്നിവയ്ക്കുള്ള മാർക്കുകൾ ഫീൽഡ് പരിശോധനയ്ക്കു ശേഷമാണ് നൽകുക.*

(iii) ഫീൽഡ് പരിശോധന നടത്തേണ്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ

രണ്ടാംഘട്ടത്തിലേക്ക് പരിഗണിക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, ഒന്നാം ഘട്ടത്തിൽ ലഭിച്ച മാർക്കുകളോടൊപ്പം മുകളിൽ(ഘട്ടം-3 ൽ) പറഞ്ഞ പ്രകാരമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ലഭിച്ച മാർക്കുകളും കൂടാതെ പ്രതിരോധ കുത്തിവയ്പിൽ തദ്ദേശഭരണ സ്ഥാപനം കൈവരിച്ച നേട്ടത്തിനും പകർച്ചേതരവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനം കൈവരിച്ച നേട്ടത്തിനും നിശ്ചയിക്കപ്പെട്ട മാനദണ്ഡപ്രകാരമുള്ള മാർക്കുകളും നൽകി ഓരോ വിഭാഗത്തിൽ നിന്നും (ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ) ഫീൽഡ് പരിശോധന നടത്തേണ്ടതായ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് (3-ാം ഘട്ടത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച 6 ബ്ലോക്ക് പഞ്ചായത്തുകൾ, 6 ജില്ലാ പഞ്ചായത്തുകൾ, 6 മുനിസിപ്പാലിറ്റികൾ, 4 മുനിസിപ്പൽ കോർപ്പറേഷനുകൾ) എൻ എച്ച് എം സാമൂഹ്യ വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള കോർ ടീം തയ്യാറാക്കുന്നു. പ്രതിരോധ കുത്തിവയ്പ്, പകർച്ചേതരവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് നിശ്ചയിച്ച മാർക്കും മാനണ്ഡങ്ങളും താഴെ പറയും പ്രകാരമായിരിക്കുന്നതാണ്.

**(i) പ്രതിരോധ കുത്തിവെയ്പ് - പരമാവധി 5 മാർക്ക് (ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് ബാധകമല്ല)**

2014 ഏപ്രിൽ ഒന്നിനും 2015 മാർച്ച് 31 നും ഇടക്ക് ജനിച്ച കുഞ്ഞുങ്ങൾക്ക് 2016 മെയ് 31 വരെയുള്ള കാലയളവിൽ എടുക്കേണ്ടതായ മുഴുവൻ പ്രതിരോധ കുത്തിവയ്പുകളും എത്ര ശതമാനം കുഞ്ഞുങ്ങൾക്ക് എടുത്തിട്ടുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം മാർക്ക് നൽകുന്നതാണ്.

| പ്രതിരോധകുത്തിവയ്പ് | മാർക്ക് | പ്രതിരോധകുത്തി വയ്പ് | മാർക്ക് |
|---|---|---|---|
| 60-69 % | 1 | 50-59% | മൈനസ് 1 |
| 70-79% | 2 | 40-49% | മൈനസ് 2 |
| 80-89% | 3 | 30-39% | മൈനസ് 3 |
| 90-99% | 4 | 20-29% | മൈനസ് 4 |
| 100% | 5 | 20% ൽ താഴെ | മൈനസ് 5 |

- ***MCTS Software ൽ നിന്നും ലഭിക്കുന്ന സ്ഥിതിവിവരകണക്കുകൾ അടിസ്ഥാനമാക്കിയായിരിക്കും മേൽപ്പറഞ്ഞ ഇനത്തിന് മാർക്ക് നൽകുന്നത്. നിശ്ചിത സമയത്തിനകം സ്ഥിതി വിവരകണക്കുകൾ ലഭ്യമാകാതെ വന്നാൽ പുരസ്കാര നിർണയ മാനദണ്ഡങ്ങളിൽ നിന്നും ഈ ഇനം ഒഴിവാക്കുന്നതാണ്.***

**(ii) പകർച്ചേതരവ്യാധി നിയന്ത്രണം - പരമാവധി 4 മാർക്ക് (ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് ബാധകമല്ല)**

30 വയസിന് മുകളിൽ പ്രായമുള്ളവരിൽ എത്ര ശതമാനം പേരെ നാളിതുവരെ സ്ക്രിൻ ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും മാർക്ക് നൽകുന്നത്. 30 വയസ്സിന് മുകളിലുള്ള ജനസംഖ്യയുടെ സക്രീൻ ചെയ്യപ്പെട്ട ഓരോ ശതമാനത്തിനും 0.04 മാർക്ക് വീതം നൽകുന്നതാണ്.

- ***സ്റ്റേറ്റ് NCD നോഡൽ ഓഫീസറിൽ നിന്നും ലഭിക്കുന്ന സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിലായിരിക്കും മാർക്ക് നൽകുന്നത്. നിശ്ചിത സമയത്തിനകം സ്ഥിതി വിവരകണക്കുകൾ ലഭ്യമാകാതെ വന്നാൽ പുരസ്കാര നിർണയ മാനദണ്ഡങ്ങളിൽ നിന്നും ഈ ഇനം ഒഴിവാക്കുന്നതാണ്.***

**ഘട്ടം 4 : ഫീൽഡ് പരിശോധന**

ഫീൽഡ് പരിശോധനയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടമുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഫീൽഡ് സന്ദർശനം നടത്തി വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഫീൽഡ് വിസിറ്റ് ടീമുകൾ രൂപീകരിക്കുന്നതാണ്. പരിശോധന ടീമുകൾ താഴെപറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

- തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് പ്രവർത്തകർ എന്നിവരുമായി ചർച്ച നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുക
- ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ നടത്തുക
- ആരോഗ്യ - ആരോഗ്യ അനുബന്ധ മേഖലകളിലെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങൾ നേരിൽ കണ്ടും ചോദിച്ചറിഞ്ഞും വിലയിരുത്തുക
- ആവശ്യമായ രേഖകൾ പരിശോധിച്ച് വിലയിരുത്തൽ നടത്തുക

- തദ്ദേശ ഭരണ സ്ഥാപനം സമർപ്പിച്ച വിവരങ്ങൾ വസ്തു നിഷ്ഠമായി വിലയിരുത്തുക
- ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ റിപ്പോർട്ട് (നിശ്ചിത ഫോറത്തിൽ ) നിശ്ചിത സമയപരിധിക്കകം ദേശീയ ആരോഗ്യ ദൗത്യം ഹെഡ് ഓഫീസിലെ സാമൂഹ്യവിഭാഗത്തിൽ സമർപ്പിക്കുക. നിശ്ചിത സമയത്തിനുള്ളിൽ ഫീൽഡ് ഇൻസ്പെക്ഷൻ ടീം റിപ്പോർട്ട് സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ട ചുമതല ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും, ജില്ലാ പ്രോഗ്രാം മാനേജർമാർക്കും ആയിരിക്കും. ജില്ലാ ഇൻസ്പക്ടർ ടീം സമീപ ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഉറപ്പുവരിത്തേണ്ടത് ബന്ധപ്പെട്ട ജില്ലയിലെ DMO/DPM ആയിരിക്കും.

***കുറിപ്പ് : ഫീൽഡ് പരിശോധനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വിലയിരുത്തൽ ഫോറം പരിചയപ്പെടുത്തുന്നതിനുമായി ഫീൽഡ് പരിശോധനാടീം അംഗങ്ങൾക്ക് ഏകദിന പരിശീലനം നൽകുന്നതാണ്.***

**ഘട്ടം – 5 : മികച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കൽ**

മൂന്നാം ഘട്ട വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഫീൽഡ് പരിശോധനാ ടീമിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള മാർക്കുകൾ നൽകി ഓരോ വിഭാഗത്തിലേയും മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ കരട് മുൻഗണനാ ലിസ്റ്റ് കോർ ടീം തയ്യാറാക്കുന്നതാണ്.

***കുറിപ്പ് :50 ശതമാനത്തിൽ കുറവ് മാർക്ക് ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ കരട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.***

**മികച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മാർക്കും താഴെ പറയും പ്രകാരമായിരിക്കുന്നതാണ്.**

| ക്രമ നമ്പർ | മാനദണ്ഡങ്ങൾ | മാർക്ക് |
|---|---|---|
| 1 | വികസനഫണ്ട് ( SCP, TSP ഒഴികെ) വകയിരുത്തൽ | 10 |
| 2 | നോൺറോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തൽ | 5 |
| 3 | തനത് ഫണ്ട് വകയിരുത്തൽ | 5 |
| 4 | ഫണ്ട് വിനിയോഗം | 25 |
| 5 | ആരോഗ്യാനുബന്ധ മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ | 7 |
| 6 | സബ്സെന്ററുകൾ , ഫാമിലി വെൽഫയർ സെന്ററുകൾ | 3 |
| 7 | ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം | 6 |
| 8 | ഔട്ട് പേഷ്യന്റ്, ഇൻപേഷ്യന്റ് , ലാബ് | 3 |
| 9 | എച്ച് എം സി പ്രവർത്തനം | 5 |
| 10 | സ്ഥാപനത്തിനു വേണ്ടി നടത്തിയ അധിക വിഭവ സമാഹരണം | 5 |
| 11 | ഖരമാലിന്യ പരിപാലനം | 1 |

| | | |
|---|---|---|
| 12 | ദ്രവമാലിന്യ പരിപാലനം | 1 |
| 13 | വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടെ പ്രവർത്തനം | 5 |
| 14 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം | 2 |
| 15 | പുകയില ഉല്പന്ന ഉപയോഗ നിയന്ത്രണ പ്രവർത്തനങ്ങൾ | 3.5 |
| 16 | അനുബന്ധമേഖലകളിലെ പദ്ധതിയേതര പ്രവർത്തനങ്ങൾ | 2.5 |
| 17 | നൂതന /സവിശേഷ/ പ്രത്യേക പരിപാടികൾ . | 2 |
| 18 | പ്രതിരോധ കുത്തിവയ്പ് | 5 |
| 19 | പകർച്ചേതരവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ | 4 |
| | ആകെ | 100 |

## 3. പുരസ്കാരത്തിനായി ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്ന രീതി

ആറ് ഘട്ടങ്ങളായി നടത്തുന്ന പ്രവർത്തനങ്ങളിലൂടെയായിരിക്കും മികച്ച ഗ്രാമപഞ്ചായത്തുകളെ ജില്ലാതല – സംസ്ഥാനതല പുരസ്കാരത്തിനായി തിരഞ്ഞെടുക്കുന്നത്.

**ഘട്ടം –1 ജില്ലാതല മുൻഗണനാ പട്ടിക തയ്യാറാക്കൽ**

(a) മുൻഗണനാ മാനദണ്ഡങ്ങൾ

ഖണ്ഡിക 2 ലെ ഘട്ടം 1 (a) യിൽ പറഞ്ഞ (പേജ് 3) അതേ 3 മാനദണ്ഡങ്ങൾ തന്നെയാണ് ഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല മുൻഗണനാപട്ടിക തയ്യാറാക്കുന്ന തിനും പരിഗണിക്കുന്നത്.

(b) മുൻഗണനാ മാനദണ്ഡങ്ങളും മാർക്കും

ഖണ്ഡിക 2 ലെ ഘട്ടം 1 (b)യിൽ പറഞ്ഞ (പേജ് 3,4,5) അതേ പ്രകാരം തന്നെയായി രിക്കും ഓരോ മാനദണ്ഡത്തിനും മാർക്ക് നൽകുന്നത്.

(c) ജില്ലാതല മുൻഗണനാ പട്ടിക തയ്യാറാക്കൽ

ഖണ്ഡിക 2 ലെ ഘട്ടം 1 (c) യിലെ ഉപഖണ്ഡം (i)ലും (ii)ലും പറഞ്ഞ (പേജ് 6) അതേ ക്രമമനുസരിച്ച് മാർക്കുകൾ നൽകിയാണ് ഓരോ ജില്ലയിലേയും ഗ്രാമപഞ്ചായത്തുക ളുടെ മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നത്.

ഖണ്ഡിക 2 ലെ ഘട്ടം 1 (c) യിലെ ഉപഖണ്ഡം (i) പ്രകാരം (ആരോഗ്യ മേഖലയ്ക്കുള്ള വകയിരുത്തൽ, വിനിയോഗം എന്നിവ പരിഗണിച്ച്) തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റിൽ താഴെപറയും പ്രകാരം എണ്ണം ഗ്രാമപഞ്ചായത്തുകളെയാണ് ഓരോ ജില്ലയിൽ നിന്നും പരിഗണിക്കുക.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 12 |
| 2 | കൊല്ലം | 12 |
| 3 | പത്തനംതിട്ട | 10 |
| 4 | ആലപുഴ | 12 |
| 5 | കോട്ടയം | 12 |
| 6 | ഇടുക്കി | 10 |
| 7 | എറണാകുളം | 12 |
| 8 | തൃശ്ശൂർ | 12 |
| 9 | പാലക്കാട് | 12 |
| 10 | മലപ്പുറം | 12 |
| 11 | കോഴിക്കോട് | 12 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 12 |
| 14 | കാസർഗോഡ് | 9 |

***കുറിപ്പ് : വകയിരുത്തലിന്റെയും വിനിയോഗത്തിന്റെയും സംസ്ഥാനതല ശരാശരിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സംസ്ഥാനതല മുൻഗണന അടിസ്ഥാനമാക്കിയായിരിക്കും ജില്ലാതല മുൻഗണനാലിസ്റ്റ് തയ്യാറാക്കുക.***

**രണ്ടാം ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കുന്നവയുടെ എണ്ണം**

ഖണ്ഡിക 2 ലെ ഘട്ടം 1 (c) യിലെ ഉപഖണ്ഡം (ii)ൽ പറഞ്ഞ ആരോഗ്യ അനുബന്ധ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ച്, ഉപഖണ്ഡം (iii) പ്രകാരം തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റിൽ താഴെപറയും പ്രകാരം എണ്ണം ഗ്രാമപഞ്ചായത്തുകളെയാണ് ഓരോ ജില്ലയിൽ നിന്നും രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതിനായി തിരഞ്ഞെടുക്കുക. .

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 10 |
| 2 | കൊല്ലം | 10 |
| 3 | പത്തനംതിട്ട | 8 |
| 4 | ആലപ്പുഴ | 10 |
| 5 | കോട്ടയം | 10 |
| 6 | ഇടുക്കി | 8 |
| 7 | എറണാകുളം | 10 |
| 8 | തൃശ്ശൂർ | 10 |
| 9 | പാലക്കാട് | 10 |
| 10 | മലപ്പുറം | 10 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 7 |
| 13 | കണ്ണൂർ | 10 |
| 14 | കാസർഗോഡ് | 7 |

***കുറിപ്പ് : ഒരു ജില്ലയിലെ ആകെ ഗ്രാമപഞ്ചായത്തുകളുടെ 15 ശതമാനം എന്ന കൂടിയ പരിധിക്ക് വിധേയമായി കുറഞ്ഞത് 7 ഉം കൂടിയത് 10ഉം ആണ് നിജപ്പെടുത്തിയിരിക്കുന്നത്.***

<u>ഘട്ടം 2 : ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കൽ</u>

**(a) വിവരശേഖരണ ഫോറം**

ഈ മാർഗ്ഗരേഖയുടെ അനുബന്ധം -1 പ്രകാരമുള്ള വിവരശേഖരണഫോറത്തിൽ രണ്ടാംഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നു.

**(b) ഫോറം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അയച്ച് കൊടുക്കൽ**

രണ്ടാം ഘട്ടത്തിൽ പരിഗണിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഇ മെയിലായും തപാലിലും **2017 ജനുവരി 13 നകം** ഫോറം അയ

ച്ചുകൊടുക്കുന്നതാണ്. കൂടാതെ www.arogyakeralam.gov.in വെബ്സൈറ്റിൽ ലഭ്യമാക്കുന്നതുമാണ്.

(C) **വിവരങ്ങൾ രേഖപ്പെടുത്തിയശേഷം ഫോറങ്ങൾ സമർപ്പിക്കൽ**

(i) പൂരിപ്പിച്ച ഫോറങ്ങൾ **2017 ജനുവരി 31 നകം** ദേശീയ ആരോഗ്യ ദൗത്യം സംസ്ഥാന ഓഫീസിൽ നേരിട്ട് സമർപ്പിച്ച് കൈപ്പറ്റ് രസീത് വാങ്ങണം. നേരിട്ട് സമർപ്പിക്കാൻ കഴിയാത്തവർക്ക് **2017 ജനുവരി 31 നകം** അവിടെ ലഭ്യമാകും വിധം സ്പീഡ് പോസ്റ്റ് മുഖേനയോ കൊറിയർ മുഖേനയോ അയയ്ക്കാവുന്നതാണ്. **നിശ്ചിത തീയ്യതിക്കു ശേഷം ലഭിക്കുന്നവ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.**

(ii) ബന്ധപ്പെട്ട എല്ലാവരും (ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ) **ഒപ്പിടാതെയും നിശ്ചയിക്ക്പെട്ട സ്ഥാനങ്ങളിൽ ഓഫീസ് സീൽ പതിക്കാതെയും സമർപ്പിക്കുന്നവ പരിഗണിക്കുന്നതല്ല**

(iii) വിവരശേഖരണ ഫോറത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്‍ സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിക്കാതിരുന്നാൽ, **ഏത് രേഖയാണോ സാക്ഷ്യപ്പെടുത്താതെ സമർപ്പിക്കാതിരുന്നത്, ആ തദ്ദേശഭരണ സ്ഥാപനത്തിന്റെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിഗണിക്കുകയേ ഇല്ല.** (ഉദാ. HMC യുടെ ഹാജർ, മിനുട്സ്, വരവ് ചെലവ് കണക്കുകൾ, ബാങ്ക്പാസ്സ് ബുക്ക് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിച്ചില്ലെങ്കിൽ എച്ച്. എം. സി യുമായി ബന്ധപ്പെട്ട മാർക്ക് ലഭിക്കുകയില്ല.)

(iv) വിവരശേഖരണ ഫോറത്തിൽ ബാധകമല്ലാത്തിടത്ത് ബാധകമല്ല എന്ന് രേഖപ്പെടുത്തണം. **അപൂർണമായതോ തെറ്റായ വിവരങ്ങൾ നൽകുന്നതോ ആയ തദ്ദേശഭരണ സ്ഥാപനങ്ങളെ പുരസ്കാരത്തിന് പരിഗണിക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നതാണ്.**

**ഘട്ടം-3: ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച വിവരങ്ങളുടെ വിലയിരുത്തൽ, ഫീൽഡ് പരിശോധന നടത്തേണ്ടവയുടെ ലിസ്റ്റ് തയ്യാറാക്കൽ**

ഖണ്ഡിക 2 ലെ ഘട്ടം 3 ൽ ( 8 മുതൽ 12 വരെയുള്ള പേജുകളിൽ) പറഞ്ഞ എല്ലാ കാര്യങ്ങളും (നടപടി ക്രമങ്ങൾ, നിബന്ധനകൾ, മാനദണ്ഡങ്ങൾ, മാർക്ക് എന്നിവയെല്ലാം) ഗ്രാമപഞ്ചായത്തുകളുടെ സംഗതിയിലും ബാധകമായിരിക്കുന്നതാണ്. മൂന്നാം ഘട്ട വിലയിരുത്തൽ പ്രകാരം ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ഓരോ ജില്ലയിലേയും 6 വീതം ഗ്രാമപഞ്ചായത്തുകളെയാണ് ഫീൽഡ് പരിശോധനയ്ക്കായി തിരഞ്ഞെടുക്കുക.

**ഘട്ടം - 4 ഫീൽഡ് പരിശോധന**

ഖണ്ഡിക 2 ലെ ഘട്ടം 4 ൽ (പേജ് 12) പറഞ്ഞ കാര്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ സംഗതിയിലും ബാധകമായിരിക്കുന്നതാണ്.

**ഘട്ടം - 5 : മികച്ച ഗ്രാമപഞ്ചായത്തുകളുടെ കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കൽ**

ഖണ്ഡിക 2 ലെ ഘട്ടം 5 ൽ (പേജ് 12 ) പറഞ്ഞ രീതിയിൽ കോർ ടീം കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ കരട് ലിസ്റ്റ് തയ്യാറാക്കുന്നത് താഴെപറയും പ്രകാരമായിരിക്കുന്നതാണ്.

(i) നാലാം ഘട്ടത്തിലേക്ക് പരിഗണിച്ച ഗ്രാമപഞ്ചായത്തുകൾക്ക് ഫീൽഡ് പരിശോധനാ ടീമിന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള മാർക്കുകൾ നൽകി ഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നു.

(ii) ജില്ലാതല കരട് മുൻഗണനാലിസ്റ്റിൽ ഉൾപ്പെട്ട ഓരോ ഗ്രാമപഞ്ചായത്തിനും ലഭിച്ചിട്ടുള്ള മാർക്കുകളെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകളിൽ സംസ്ഥാന തലത്തിൽ മികച്ചവയുടെ കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നു.

(iii) സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ഗ്രാമപഞ്ചായത്തുകളെ അവയുടെ ജില്ലാതല മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയശേഷമുള്ള ജില്ലാതല കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നു.

**ഘട്ടം-6: മികച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളെ തീരുമാനിക്കൽ** (ഗ്രാമ -ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ)

ഗ്രാമ -ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയിൽ സംസ്ഥാനതലത്തിൽ മികച്ചവയേയും, ജില്ലാതല പരിഗണനയിൽ മികച്ച ഗ്രാമപഞ്ചായത്തുകളേയും അന്തിമമായി തീരുമാനിച്ചാണ് പുരസ്കാരങ്ങൾ നിർണയിക്കുന്നത്.

## 4. പുരസ്കാര നിർണയം

പുരസ്കാരം നിർണിയിക്കുന്നതിനായി സംസ്ഥാനതല ജഡ്ജിംഗ് കമ്മിറ്റിയെ നിയമിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിലും മേൽ നോട്ടത്തിലുമായിരിക്കും ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്. ജഡ്ജിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം കോർ ടീം പ്രവർത്തിക്കേണ്ടത്. മികച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ കരട് മുൻഗണനാ ലിസ്റ്റ് കോർ ടീം തയ്യാറാക്കിക്കഴിഞ്ഞാൽ ജഡ്ജിംഗ് കമ്മിറ്റി താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

- ഈ മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങളും, നിബന്ധനകളും, മാനദണ്ഡങ്ങളും ഓരോ ഘട്ടത്തിലും പാലിച്ചിട്ടുണ്ട്.
- നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ള മാർക്കുകൾ നൽകിയാണ് ഓരോ വിഭാഗത്തിന്റെയും കരട് മുൻഗണനാലിസ്റ്റ് ഓരോ ഘട്ടത്തിലും കോർടീം തയ്യാറാക്കിയിട്ടുള്ളത്
- ഫീൽഡ് പരിശോധനാ ടീമുകൾ ഫലപ്രദമായ രീതിയിൽ ഫീൽഡ് സന്ദർശനം നടത്തി പ്രവർത്തനങ്ങൾ നേരിൽകണ്ടും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തും ആവശ്യമായ രേഖ കൾ പരിശോധിച്ചും കുറ്റമറ്റ രീതിയിലുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തിയും തദ്ദേശഭരണസ്ഥാപനങ്ങളുടെ ആരോഗ്യമേഖലയിലെ മൊത്തം പ്രവർത്തനങ്ങളുടെ ഗുണമേൻമ വിലയിരുത്തിയും പുരസ്കാരത്തിനായി മികച്ച തദ്ദേശഭരണസ്ഥാപനങ്ങളെ ജഡ്ജിംഗ്കമ്മിറ്റി തിരഞ്ഞെടുക്കുന്നതാണ്.

## 5. <u>സാങ്കേതിക സഹായം</u>

പുരസ്കാര നിർണയവുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന എല്ലാ സാങ്കേതിക സഹായവും ഇൻഫർമേഷൻ കേരള മിഷൻ ചെയ്യുന്നതാണ്. നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് വിവിധ ഡേറ്റാ ബെയ്സുകളിൽനിന്ന് ലഭിക്കുന്ന സ്ഥിതിവിവരകണക്കുകളെ അടിസ്ഥാനമാക്കി മാർക്കുകൾ കണ ക്കാക്കിയും, കോർടീം വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള മാർക്കുകൾ ഉൾപ്പെടുത്തിയും കരട് മുൻഗണനാലിസ്റ്റുകൾ തയ്യാറാക്കുന്നത് ഇൻഫർമേഷൻ കേരള മിഷൻ ആയിരിക്കും.

## 6. സമയക്രമം

പുരസ്കാര നിർണയത്തിനായി നടത്തേണ്ട പ്രവർത്തനങ്ങളുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | സമയക്രമം (അവസാന തീയതി) |
|---|---|---|
| 1 | മുൻഗണനാപട്ടിക തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവര കണക്കുകൾ IKM, MCTS, NCD. എന്നിവയിൽ നിന്ന് ശേഖരിക്കൽ | 2016 നവംബർ 21 |
| 2 | ഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല മുൻഗണനാ പട്ടികകളും മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളുടെ സംസ്ഥാന തല മുൻഗണനാപട്ടികകളും തയ്യാറാക്കൽ | 2016 ഡിസംബർ 7,8 |
| 3 | വിവരശേഖരണത്തിനായി വിവരശേഖരണഫോറം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അയച്ച് കൊടുക്കൽ , വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തൽ | 2016 ജനുവരി 16 |
| 4 | പൂരിപ്പിച്ച ഫോറങ്ങൾ എൻ എച്ച് എം സ്റ്റേറ്റ് ഓഫീസിൽ തദ്ദേശഭരണസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017 ഫെബ്രുവരി 10 |
| 5 | തദ്ദേശഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച വിവരങ്ങളുടെ പരിശോധന, വിലയിരുത്തൽ | 2017 ഫെബ്രുവരി 16,17 |
| 6 | ഫീൽഡ് പരിശോധനാ ടീം അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ ശില്പശാല | 2017 ഫെബ്രുവരി 20 |
| 7 | ഫീൽഡ് പരിശോധന നടത്തൽ | 2017 ഫെബ്രുവരി 20 മുതൽ മാർച്ച് 3 വരെ |
| 8 | ഫീൽഡ് പരിശോധനാ ടീമുകൾ വിലയിരുത്തൽ റിപ്പോർട്ട് സമർപ്പിക്കൽ | |
| 9 | ഫീൽഡ് പരിശോധന റിപ്പോർട്ടുകൾ വിലയിരുത്തലും, മികച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കരട് മുൻഗണന ലിസ്റ്റുകൾ (എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സംസ്ഥാനതല ലിസ്റ്റും ഗ്രാമപഞ്ചായത്തുകളുടെ ജില്ലാതല ലിസ്റ്റും) തയ്യാറാക്കൽ | 6 , 8 മാർച്ച് 2017 |
| 10 | പുരസ്കാര നിർണയം (ജഡ്ജ്മെന്റ് കമ്മിറ്റി) | 2017 മാർച്ച് 10 |
| 11 | പുരസ്കാരങ്ങൾ സമ്മാനിക്കൽ | ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെസൗകര്യാർത്ഥം |

സ്റ്റേറ്റ് മിഷൻ ഡയറക്ടർ